**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1586** **19-06-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ താലൂക്ക് രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ താലൂക്ക് രൂപീകരണം സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ നിലപാട് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്താണ് എന്നറിയിക്കാമോ; | (എ) | സംസ്ഥാനത്തെ താലൂക്കുകളുടെ വ്യാപ്തിയും വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ താലൂക്കുകൾ തമ്മിൽ വലിയ അന്തരം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ സർക്കാർ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീം റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര തുടർനടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>അതിനു പുറമെ, സംസ്ഥാനത്തിന്റെ വിവിധ കോണുകളിൽ നിന്നും പുതിയ താലൂക്ക്/വില്ലേജ് രൂപീകരണം/വിഭജനം ഉൾപ്പെടെ പുതിയ അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നിരവധി അപേക്ഷകൾ സർക്കാരിൽ ലഭ്യമായി വരുന്നുണ്ട്. സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി അത്തരം ചെലവുകൾ വഹിക്കാൻ പര്യാപ്തമാകുമ്പോൾ ചാത്തന്നൂർ ഉൾപ്പെടെയുള്ള താലൂക്ക് രൂപീകരണം പരിഗണിക്കാവുന്നതാണ്. |
| (ബി) | പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ മുന്നിലുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ? | (ബി) | 'എ' പിരിവിനുള്ള മറുപടി |

സെക്ഷൻ ഓഫീസർ